# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1551/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1551/23 തീയ്യതി: 26/10/2023

## കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2023 മുതൽ 18-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 29-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 29-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിജില. ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.പി. വേണുഗോപാലൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. യോഷ്വ. എം.സി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 24-04-2022 |
| ശ്രീ. ഹനീഫ ചിറ്റക്കുൽ | സെക്രട്ടറി | 25-04-2022 | 05-12-2022 |
| ശ്രീ. യോഷ്വ. എം.സി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 07-12-2022 |
| ശ്രീ. ബാബു തോമസ് | സെക്രട്ടറി | 08-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോമോൻ പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. യോഷ്വ. എം.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ഡോണ സ്കറിയ | കൃഷി ഓഫീസർ | 01-04-2022 | 30-07-2022 |
| ശ്രീ. വിനോദ്. പി.ജെ | കൃഷി ഓഫീസർ | 31-07-2022 | 31-03-2023 |
| ഡോ. പി.ആർ. സിന്ധു | വെറ്റിനറി സർജൻ | 01-04-2022 | 06-01-2023 |
| ഡോ. കിരൺ വിശ്വനാഥ് | വെറ്റിനറി സർജൻ | 07-01-2023 | 31-03-2023 |
| ഡോ. ഗീത. ടി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 03-01-2023 |
| ഡോ. സുധീര. എ.പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 04-01-2023 | 31-03-2023 |
| ഡോ. ഡോണിയ തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 20-04-2022 |
| ഡോ. വീണ അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 21-04-2022 | 09-07-2022 |
| ഡോ. സലീം, പി.വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 10-07-2022 | 31-03-2023 |
| ശ്രീമതി. ആശ. എം.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷൈമ. കെ | വി.ഇ.ഒ, മണത്തണ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ശ്രീമതി. ഷൈലജ. സി | ഹെഡ് മിസ്ട്രസ് | 01-04-2022 | 30-04-2022 |
| ശ്രീ. ഷാജി മാത്യു | ഹെഡ് മാസ്റ്റർ | 01-05-2022 | 01-07-2022 |
| ശ്രീമതി. ശ്രീജ. എം | ഹെഡ് മിസ്ട്രസ് | 02-07-2022 | 05-10-2022 |
| ശ്രീ. ജയരാജൻ കുമ്പളപ്രവൻ | ഹെഡ് മാസ്റ്റർ | 06-10-2022 | 31-03-2023 |
| ശ്രീമതി. സ്മിത മാരാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-07-2022 |
| ശ്രീ. നിഷാദ്. വി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2022 | 31-03-2023 |
| ശ്രീ. ഷാജി. സി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2022 | 31-07-2022 |
| ശ്രീമതി. പ്രീത. പി.വി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-08-2022 | 31-10-2022 |
| ശ്രീ. ടി.ആർ. രാജേഷ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-11-2022 | 31-12-2022 |
| ശ്രീ. ടി.കെ. രാജേഷ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-01-2023 | 31-03-2023 |
| ഡോ. ഗ്രീഫിൻ സുരേന്ദ്രൻ | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 01-04-2022 | 10-04-2022 |
| ഡോ. അശ്വിൻ. എച്ച് | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 11-04-2022 | 21-05-2022 |
| ഡോ. ഗ്രീഫിൻ സുരേന്ദ്രൻ | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 22-05-2022 | 10-08-2022 |
| ഡോ. അശ്വിൻ. എച്ച് | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 11-08-2022 | 24-08-2022 |
| ഡോ. ഗ്രീഫിൻ സുരേന്ദ്രൻ | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 25-08-2022 | 27-11-2022 |
| ഡോ. അശ്വിൻ. എച്ച് | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 28-11-2022 | 09-12-2022 |
| ഡോ. ഗ്രീഫിൻ സുരേന്ദ്രൻ | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 10-12-2022 | 02-03-2023 |
| ഡോ. അശ്വിൻ. എച്ച് | സുപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | 03-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.മുജീബ്.വി.വി. | വി.ഇ.ഒ, വെള്ളാർവള്ളി സർക്കിൾ | 01-04-2022 | 05-02-2023 |
| ശ്രീമതി.ഷൈമ.കെ. | വി.ഇ.ഒ, വെള്ളാർവള്ളി സർക്കിൾ (അഡീഷണൽ ചാർജ്ജ്) | 06-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ബാലൻസ് ഷീറ്റ് ബി-9ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ഹെഡിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(63000 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത് | 1-1-5 |
| 7 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് നൽകിയ തുക B-18 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട അദർ ലയബിലിറ്റി ഹെഡിലെ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-7 |
| 9 | ദുരിതാശ്വാസ നിധി - ബി-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ബി-17ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | Movable Assets വെഹിക്കിൽ ഹെഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റ് വാഹനങ്ങളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 1-1-10 |
| 12 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ബി-11ൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ബി-11 ഷെഡ്യൂളിലെ OTHER FIXED ASSETS ഇനത്തിലുള്ള തുകയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഗ്രാമസഭ | 1-10 |
| 23 | രശീത് പുസ്തകങ്ങൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 1-11 |
| 24 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി ഈടാക്കിയില്ല | 1-12 |
| 25 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല | 1-13 |
| 26 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-14 |
| 27 | FTE&OS ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-15 |
| 28 | സ്ഥാപനങ്ങളിൽ നിന്നും FTE & OS ലൈസൻസ് ഫീ ഈടാക്കിയില്ല | 1-16 |
| 29 | ലൈസൻസ് അപേക്ഷകൾ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ അപാകങ്ങൾ | 1-17 |
| 30 | കൂട്ടിചേർക്കലിനായി പെർമിറ്റെടുത്ത കെട്ടിടങ്ങളുടെ നികുതി പുനർനിർണയം നടത്തിയിട്ടില്ല | 1-18 |
| 31 | മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-19 |
| 32 | സ്മാർട്ട് ഐ-ഫേസ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 33 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹78100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 34 | എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 35 | തെറ്റുവഴി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹86000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 36 | വനിതകൾക്ക് യോഗ പരിശീലനം - രേഖകൾ ലഭ്യമല്ല-₹288000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 37 | വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ നൽകലും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹129914യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 38 | കോക്ലിയാർ ഇംപ്ലാന്റേഷന് തുക നൽകൽ -രേഖകൾ ലഭ്യമല്ല -₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 39 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ നൽകലും -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹207353യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 40 | അതിദരിദ്രരുടെ അതിജീവനം- പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല-ചെലവ് തുക ₹14057 തടസ്സപ്പെടുത്തുന്നു | 1-28 |

| | | |
|---|---|---|
| 41 | കാരുണ്യം പെയിൻ&പാലിയേറ്റീവ് ഹോം കെയർ -മരുന്ന് ലഭ്യമായിട്ടില്ല-₹1,30068യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 42 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-₹86342 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 43 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1-31 |
| 44 | കുളത്തിലെ മത്സ്യകൃഷി - അപാകങ്ങൾ | 1-32 |
| 45 | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം-അപാകങ്ങൾ | 1-33 |
| 46 | ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ല | 1-34 |
| 47 | സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണർ മരണപ്പെട്ട ശേഷവും പെൻഷൻ ഗഡുക്കൾ അനുവദിച്ചു-₹1,00,800 തിരികെ ഈടാക്കേണ്ടതാണ്. | 1-35 |
| 48 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 1-36 |
| 49 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്. | 1-37 |
| 50 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി - വിവരം ലഭ്യമാക്കിയിട്ടില്ല | 1-38 |
| 51 | മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം | 1-39 |
| 52 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ | 1-40 |
| 53 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-41 |
| 54 | തനത് വരുമാന വർദ്ധനവ് -അവലോകനം | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പേരാവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27-6-2023ലെ 3/131/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 1.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

26-10-2023.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി 1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. അക്കൗണ്ടിംഗ് ചട്ട പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 58,80,683/- രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുക 52,11,083/- രൂപയുമാണ്.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 Schedule പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-4 ബാലൻസ് ഷീറ്റ് ബി-9ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ഹെഡിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്കിൽ ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള താഴെ പറയുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

A) 350409901 - Refund Payable Others - 4000

B) 350200199 - Recoveries Payable - Other Recoveries From Employees - 67759

ആയത് ഏതിനത്തിലെ തുകയാണെന്ന് വ്യക്തമല്ല എന്നറിയിച്ചിട്ടുണ്ട്. ആയത് ഏതിനത്തിലെ തുക ആണെന്ന് കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.

1-1-5 ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(63000 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്

ബി-11 (B) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് (63000/- രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-6 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് നൽകിയ തുക B-18 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല

സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതിയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തി ഉണ്ടെങ്കിലും ആയത് ബി-18 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.

1-1-7 B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട അദർ ലയബിലിറ്റി ഹെഡിലെ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്കിൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട അദർ ലയബിലിറ്റീസ് ഹെഡിലെ 41,524/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-8 ദുരിതാശ്വാസ നിധി - ബി-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ബി-17ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസ നിധി ഇനത്തിൽ വാർഷിക കണക്കിൽ ബി-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 12,097/- രൂപയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 12,066/- രൂപയുമാണ്.

1-1-9 Movable Assets വെഹിക്കിൾ ഹെഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റ് വാഹനങ്ങളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല

Movable Assets വെഹിക്കിൾ ഹെഡിൽ തൻവർഷം വാങ്ങിയ വാഹനത്തിന്റെ പദ്ധതി പ്രകാരമുള്ള ചെലവ് തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള ജീപ്പ്, ട്രാക്ടർ എന്നിവയുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

ബി-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ഇനത്തിൽ (350800101) 1,02,750/- രൂപ

രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ചെക്കുകളിൽ മൂന്ന വർഷം കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

### 1-1-11 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ബി-11ൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ബി-11ൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

### 1-1-12 ബി-11 ഷെഡ്യൂളിലെ OTHER FIXED ASSETS ഇനത്തിലുള്ള തുകയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

ബി-11 ഷെഡ്യൂളിലെ OTHER FIXED ASSETS ഇനത്തിലുള്ള 36,067/- രൂപയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

## 1-2 ബജറ്റ്

പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 25-03-2022 തീയതിയിലെ 78/2022 (1) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 25-03-2023 ലെ 56/2023(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 15137916 | 17746779 |
| വരവ് | 253502930 | 216578315 |
| ആകെ | 268640846 | 234325094 |
| ചെലവ് | 262552740 | 226831766 |
| നീക്കിയിരിപ്പ് | 6088106 | 7493328 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23276864 |
| വരവ് | 43620595 |
| ആകെ | 66897459 |
| ചെലവ് | 38409512 |
| നീക്കിയിരിപ്പ് | 28487947 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 13,96,834 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 17771982 | 17771982 | 16345872 | 1426110 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം)<br>(ജി.ഒ പ്രൊജക്ട് ഉൾപ്പെടെ) | | | | | |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | 0 | 917999 | 917999 | 846224 | 71775 |
| വികസന ഫണ്ട് ടിഎസ് പി<br>(ACR പ്രകാരം) | 0 | 3032037 | 3032037 | 2611846 | 420191 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 10691000 | 10691000 | 4449465 | 6241535 |
| മെയിന്റനൻസ് നോൺ റോഡ്<br>(ACR പ്രകാരം) | 0 | 5742300 | 5742300 | 3684896 | 2057404 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 736740 | 4388097 | 5124837 | 4809650 | 315187 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4931100 | 5359000 | 10290100 | 3590188 | 6699912 |
| എംജിഎൻആർഇജിഎസ് | 104.76 | 421888.14 | 421889.76 | 42187859 | 1060.52 |
| ഐസിഡിഎസ് | 452969 | 1431890 | 1884859 | 20783 | 1864076 |
| ടിഎസ് സി | 1662401 | 0 | 1662401 | 0 | 1662401 |
| സാക്ഷരത | 119242 | 4770 | 124012 | 0 | 124012 |
| വിമുക്തി | 3228 | 0 | 3228 | 0 | 3228 |
| ലോക്കൽ ഏരിയ ഡെവലപ്മെന്റ് ഫണ്ട് ഫോർ എം പി | 10927 | 298 | 11225 | 0 | 11225 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 250000 | 0 | 250000 | 0 | 250000 |
| ജില്ലാ പഞ്ചായത്ത് വിഹിതം (റവന്യൂ) | 551922 | 0 | 551922 | 5100 | 546822 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ) | 797406 | 0 | 797406 | 0 | 797406 |
| ശുചിത്വം | 654833 | 170962 | 825795 | 605765 | 220030 |
| ഫണ്ട് ഫോർ ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ -സോഷ്യൽ ജസ്റ്റിസ് | 72000 | 0 | 72000 | 63600 | 8400 |
| ഹെൽത്ത് ഗ്രാന്റ് | 0 | 55772 | 55772 | 11950 | 43822 |
| ഹെൽത്ത് ഗ്രാന്റ് | 0 | 151760 | 151760 | 97757 | 54003 |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | 264931 | 3000000 | 3264931 | 800000 | 2464931 |
| അവാർഡ് & ഹോണർ-<br>സെൻട്രൽ ഗവൺമെന്റ് | 500000 | 0 | 500000 | 75000 | 425000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 190 | 108279384 | 136 | 47025898 | 28 | 54 | 108 | 56.84 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 2465826 | 1865458 | 75.65 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 2903000 | 1358550 | 46.80 |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 7 | 6 | 1970981 | 861606 | 43.71 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 315000 | 315000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 550000 | 550000 | 100 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 2 | 2 | 1379199 | 875320 | 63.47 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 18 | 17 | 38405460 | 14538754 | 37.86 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 6750830 | 4853216 | 71.89 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 2800000 | 1966588 | 70.24 |
| സെക്രട്ടറി | 42 | 30 | 14261865 | 6473078 | 45.39 |
| ഹെഡ് മാസ്റ്റർ | 11 | 5 | 968719 | 340877 | 35.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 64 | 37 | 33842324 | 12241426 | 36.17 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 6 | 1666180 | 786025 | 47.18 |
| ആകെ | 190 | 136 | 108279384 | 47025898 | 43.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 104.76 | 3153628 | 3153732.76 | 3152673 | 1059.76 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 39035186 | 39035186 | 39035186 | 0 |
| ആകെ | 104.76 | 42188814 | 42188918.76 | 42187859 | 1059.76 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17520 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 6300400 | 293 |
| വിധവാപെൻഷൻ | 18489000 | 900 |
| വാർദ്ധക്യകാലപെൻഷൻ | 43033700 | 2308 |
| ഭിന്നശേഷി പെൻഷൻ | 7120900 | 342 |
| അവിവാഹിത പെൻഷൻ | 2153500 | 102 |
| വിവാഹ ധനസഹായം | 30000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-09-2023 തീയതിയിൽ 11.20 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 772/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്. വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തുകയും പെൻഡിങ് ഫയലുകൾ തീർപ്പാക്കാനുള്ള

നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും 2022-23 വർഷം ഗ്രാമസഭകൾ 4 തവണ യോഗം ചേർന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഐ.എൽ.ജി.എം.എസ്. സിറ്റിസൺ പോർട്ടൽ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 രശീത് പുസ്തകങ്ങൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 11(4) പ്രകാരം രസീതുകളിൽ തെറ്റുകൾ സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് അനുവദിച്ച രസീത് പുസ്തകം 23235 ലെ 23-ാം നമ്പർ രസീത് (₹250) റദ്ദ് ചെയ്തതായി കാണുന്നു. ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രസീത് സൂക്ഷിച്ചിട്ടില്ല.
2. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 4(3) പ്രകാരം അക്കൗണ്ട് പുസ്തകങ്ങൾ കൈയ്യെഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ വെറ്റിനറി സർജന് അനുവദിച്ച 23227, 23225, 23226, 23237, 23238, 23239, 23244, 23245 എന്നീ രശീത് പുസ്തകങ്ങൾ, ശ്രീകല.സി, ക്ലാർക്കിന് അനുവദിച്ച 23241, വിനോദൻ.കെ, ക്ലാർക്കിന് അനുവദിച്ച 19770, ശ്രീന.എൻ, ക്ലാർക്കിന് അനുവദിച്ച 23242, വൈശാഖ്, ഒ.എ. യ്ക്ക് അനുവദിച്ച 23243, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് അനുവദിച്ച 23230, 23231, 23232, 23233 രശീത് പുസ്തകങ്ങൾ, കൃഷി ഓഫീസർക്ക് അനുവദിച്ച 23228, 23234, 23229, 23235, 23236, 19772 എന്നീ രശീത് പുസ്തകങ്ങൾ ഉപയോഗിച്ചത് സാക്ഷ്യപത്രം രേഖപ്പെടുത്താതെയാണ്.

3. വെറ്റിനറി സർജ്ജന് അനുവദിച്ച 23226 ലെ 91 മുതൽ 100 വരെയുള്ള രസീതുകൾ, 23239 ലെ 45 മുതൽ 100 വരെയുള്ള രശീതുകൾ, 23245 ലെ 50 മുതൽ 100 വരെയുള്ള രശീതുകൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് അനുവദിച്ച 23233 ലെ 35 മുതൽ 100 വരെയുള്ള രശീതുകൾ എന്നിവ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെയാണ് അടുത്ത രശീത് പുസ്തകങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. കൃഷി ഓഫീസർക്ക് അനുവദിച്ച 23228 രശീത് പുസ്തകത്തിലെ 1-ാം നമ്പർ ഉപയോഗിച്ചില്ലെങ്കിലും ആയത് ക്യാൻസൽ ചെയ്തിട്ടില്ല.
4. വെറ്റിനറി സർജന് അനുവദിച്ച 23244 ലെ 1 മുതൽ 100 വരെയുള്ള രശീതുകളിലും, 23245 ലെ 2 മുതൽ 42 വരെയുള്ള രശീതുകളിലും പണം സ്വീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.
5. കൃഷി ഓഫീസർക്ക് 19772 നമ്പർ രശീത് പുസ്തകം അനുവദിച്ചത് 29/03/2023 തീയതിയിലാണ്. ടി പുസ്തകത്തിലെ 1 മുതൽ 20 വരെയുള്ള രശീതുകളിൽ പണം സ്വീകരിച്ച തീയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് 19.03.2023 ആണ്. ടി തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത് 30.03.2023 തീയതിയിലുമാണ്.
6. കൃഷി ഓഫീസർക്ക് അനുവദിച്ച 19772 നമ്പർ രശീത് പുസ്തകത്തിലെ 21 മുതലുള്ള രശീതുകളിലെ വരവുകൾ 2023-24 സാമ്പത്തിക വർഷത്തെ ആയതിനാൽ ടി രശീതുകൾ ക്യാൻസൽ ചെയ്യുന്നതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രശീത് പുസ്തകത്തിലെ രശീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/29.09.2023) മറുപടി ലഭ്യമാക്കിയില്ല.

രസീത് പുസ്തകങ്ങൾ ഉപയോഗിക്കുമ്പോൾ അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തൽ, പണം സ്വീകരിച്ച തീയതി ശരിയായി രേഖപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിക്കാത്ത മുഴുവൻ രശീതുകളും ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി ഈടാക്കിയില്ല

1) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച്, വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറ നിർമ്മിതിയുള്ളതും 250 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. പേരാവൂർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ കണിയാട്ടയിൽ സനീറ എന്നവരുടെ ഉടമസ്ഥതയിൽ താഴെ

കൊടുത്തിരിക്കുന്ന പ്രകാരം 397.56ച.മീ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമുണ്ട്.

| വാർഡ് നം/കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ.) |
|---|---|
| 8/122 A | 28.65 |
| 8/122 B | 43.14 |
| 8/122 C | 18.04 |
| 8/122 D | 18.04 |
| 8/122 E | 65.16 |
| 8/122 F | 54.09 |
| 8/122 G | 47.28 |
| 8/122 H | 22.18 |
| 8/122 J | 22.18 |
| 8/122 K | 53.57 |
| 8/122 L | 25.23 |
| ആകെ | 397.56 |

കെട്ടിടത്തിലെ മുറികളുടെ നികുതി നിർണ്ണയത്തിനായി ചുവടെ കാണിച്ചിരിക്കുന്നത് പ്രകാരമാണ് സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്.

| ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിവരങ്ങൾ | |
|---|---|
| പെർമിറ്റ് നമ്പർ | A3-8470/14 തീയതി 13/02/2015 |
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | പ്രഥമം |
| കെട്ടിടം സ്ഥിതി ചെയ്യുന്ന/ കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | തൊണ്ടിയിൽ മണത്തണ റോഡ് |
| റോഡിന്റെ തരം | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ |
| തറ നിർമ്മിതിയുടെ വിവരം | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ |

എന്നാൽ ഫോം 6ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരമുള്ള തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. അപാകത സംബന്ധിച്ച് 26/27.09.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടാക്സ് റിവിഷൻ നടത്തി കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ മാറ്റം വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച പ്രകാരം 15% നികുതി വർദ്ധനവ് ബാധകമായ മുഴുവൻ കെട്ടിടങ്ങളെയും പരിശോധനയ്ക്ക് വിധേയമാക്കി ടാക്സ് റിവിഷൻ നടത്തി നികുതി വർദ്ധിപ്പിക്കേണ്ടതാണ്.

2) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി

നിശ്ചയിക്കേണ്ടതാണ്.

കണിയാട്ടയിൽ സനീറ എന്നവരുടെ ഉടമസ്ഥതയിലുള്ള മേൽ കൊടുത്തിരിക്കുന്ന 8/122 L ഒഴികെയുള്ള കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ച.മീ ന് 80/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും, 8/122 L നമ്പർ കെട്ടിടത്തിനെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ച.മീ ന് 40/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അപാകത സംബന്ധിച്ച് 26/27.09.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കെട്ടിടത്തിലെ നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി പുനർനിർണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| കെട്ടിട നം. | കെട്ടിട ഉടമ | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1/3 | മേരിയമ്മ ജോസഫ് മുതൽ പേർ | 159 | 2020-21 ആദ്യ പകുതി മുതൽ |
| 2/70 | ചിക്കപ്രവൻ ബാലകൃഷ്ണൻ | 80 | 2022-23 ആദ്യ പകുതി മുതൽ |
| 2/128 | ചിക്കപ്രവൻ ബാലകൃഷ്ണൻ | 1484 | 2022-23 ആദ്യ പകുതി മുതൽ |
| 2/274 | തയ്യിൽ അസീസ് | 396 | 2022-23 ആദ്യ പകുതി മുതൽ |
| 2/276 A | കണിയറക്കൽ അബ്ദുൾ അസീസ് | 1990 | 2022-23 ആദ്യ പകുതി മുതൽ |
| 2/284 A | തോട്ടത്തിൽ സാദിഖ് | 682 | 2022-23 ആദ്യ പകുതി മുതൽ |
| 2/323 A | ആലക്കണ്ടി സഫീന | 520 | 2022-23 ആദ്യ പകുതി മുതൽ |
| 2/434 | സി.കെ.ജോസഫ് | 1262 | 2022-23 ആദ്യ പകുതി മുതൽ |
| 2/468 | ആലക്കണ്ടി റഫീഖ്, റയീസ് | 357 | 2022-23 ആദ്യ പകുതി മുതൽ |
| 2/543 | കോലഞ്ചിറ കെ.എസ് പ്രദീപ് കുമാർ | 454 | 2022-23 ആദ്യ പകുതി മുതൽ |

| | | | |
|---|---|---|---|
| 3/50 | ബണ്ണാരത്ത് റഷീദ് | 585 | 2022-23 ആദ്യ പകുതി മുതൽ |
| 3/66 | വയലമ്പ്രോൻ ഷിബു | 357 | 2022-23 ആദ്യ പകുതി മുതൽ |
| 3/198 A | ചിറയിൽ അച്ചുതൻ | 494 | 2022-23 ആദ്യ പകുതി മുതൽ |
| 6/175 | ബിജു.ടി.നായർ | 840 | 2021-22 ആദ്യ പകുതി മുതൽ |
| 10/167 A | മന്ദാരക്കണ്ടി ബിജു | 716 | 2022-23 ആദ്യ പകുതി മുതൽ |
| 11/313 | എം.എൻ.മധു, റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | 7315 | 2022-23 ആദ്യ പകുതി മുതൽ |
| 11/618 | പാറായി പ്രേമാനന്ദൻ | 635 | 2022-23 ആദ്യ പകുതി മുതൽ |
| 11/619 | പാറായി പ്രേമാനന്ദൻ | 635 | 2022-23 ആദ്യ പകുതി മുതൽ |
| 11/620 | പാറായി പ്രേമാനന്ദൻ | 635 | 2022-23 ആദ്യ പകുതി മുതൽ |
| 11/621 | പാറായി പ്രേമാനന്ദൻ | 952 | 2022-23 ആദ്യ പകുതി മുതൽ |
| 11/622 | പാറായി പ്രേമാനന്ദൻ | 952 | 2022-23 ആദ്യ പകുതി മുതൽ |
| 11/623 | പാറായി പ്രേമാനന്ദൻ | 555 | 2022-23 ആദ്യ പകുതി മുതൽ |
| 11/939 | കണിയാട്ടയിൽ പാത്തുമ്മ | 103 | 2022-23 ആദ്യ പകുതി മുതൽ |
| 11/940 | കണിയാട്ടയിൽ പാത്തുമ്മ | 103 | 2022-23 ആദ്യ പകുതി മുതൽ |
| 11/974 | പുതിയപുരയിൽ ചെമ്പിലാലി ആയിഷ | 693 | 2022-23 ആദ്യ പകുതി മുതൽ |
| 11/984 | അരിപ്പയിൽ മൊയ്തുഹാജി | 792 | 2022-23 ആദ്യ പകുതി മുതൽ |
| 11/985 | അരിപ്പയിൽ മൊയ്തുഹാജി | 1109 | 2022-23 ആദ്യ പകുതി മുതൽ |
| 12/486 A | പാറായി പ്രേമാനന്ദൻ | 1663 | 2022-23 ആദ്യ പകുതി മുതൽ |
| 12/537 E | മാത്തുംകണ്ടിയിൽ സുധാകരൻ പാലോറാൻ ജയചന്ദ്രൻ | 4605 | 2020-21 ആദ്യ പകുതി മുതൽ |
| 12/564 | പാലേരി വീട്ടിൽ ശങ്കരൻ നായർ | 266 | 2013-14 ആദ്യ പകുതി മുതൽ |
| 12/565 | പാലേരി വീട്ടിൽ ശങ്കരൻ നായർ | 542 | 2013-14 ആദ്യ പകുതി മുതൽ |
| 12/566 | പാലേരി വീട്ടിൽ ശങ്കരൻ നായർ | 83621 | 2013-14 ആദ്യ പകുതി മുതൽ |
| 15/51 | പൂവച്ചേരി പുഷ്പജൻ, ആലക്കണ്ടി രഹിന | 147 | 2020-21 ആദ്യ പകുതി മുതൽ |

| | | | |
|---|---|---|---|
| 15/52 | പൂവച്ചേരി പുഷ്പജൻ, ആലക്കണ്ടി രഹിന | 147 | 2020-21 ആദ്യ പകുതി മുതൽ |
| 15/53 | പൂവച്ചേരി പുഷ്പജൻ, ആലക്കണ്ടി രഹിന | 147 | 2020-21 ആദ്യ പകുതി മുതൽ |
| 15/54 | പൂവച്ചേരി പുഷ്പജൻ, ആലക്കണ്ടി രഹിന | 954 | 2020-21 ആദ്യ പകുതി മുതൽ |
| 15/55 | പൂവച്ചേരി പുഷ്പജൻ, ആലക്കണ്ടി രഹിന | 954 | 2020-21 ആദ്യ പകുതി മുതൽ |
| 16/5 | ചെയർമാൻ റബ്ടെക് ഇന്ത്യ ലിമിറ്റഡ് | 11314 | 2013-14 രണ്ടാം പകുതി മുതൽ |
| 16/6 | ചെയർമാൻ റബ്ടെക് ഇന്ത്യ ലിമിറ്റഡ് | 89901 | 2013-14 ആദ്യ പകുതി മുതൽ |
| 16/7 | ചെയർമാൻ റബ്ടെക് ഇന്ത്യ ലിമിറ്റഡ് | 15086 | 2013-14 ആദ്യ പകുതി മുതൽ |
| 16/9 | ചെയർമാൻ റബ്ടെക് ഇന്ത്യ ലിമിറ്റഡ് | 5292 | 2013-14 ആദ്യ പകുതി മുതൽ |

വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/29.09.2023) പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനായി കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെടുകയോ, പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1) 2022-23 വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (1 മുതൽ 100 വരെയുള്ള ലൈസൻസുകൾ മാത്രം പരിശോധിച്ചതിൽ).

| ക്രമ നം. | കെട്ടിട നം. / ലൈസൻസിയുടെ പേര് | സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 11/914 സന്തോഷ്.കെ. | ഹോട്ടൽ | 3 |
| 2 | 11/908 എൻ.പി.പ്രമോദൻ | മൊബൈൽ ഷോപ്പ് | 3 |
| 3 | 11/1187 എൻപി.പ്രദീപൻ | സ്വർണ്ണക്കട | 2 |
| 4 | 14/146 ദിവാകരൻ.പി.എം | ബേക്കറി | 3 |
| 5 | 11/410 C,D മുഹമ്മദ് അഫ്താബ് | അനാദി കട | 2 |
| 6 | 8/112 സിബി ആന്റണി | ടീ ഷോപ്പ് | 2 |
| 7 | 11/677 സജിന രവീന്ദ്രൻ | ബേക്കറി | 2 |
| 8 | 8/176A ജിമ്മി ഫിലിപ്പ് | ഹോട്ടൽ | 3 |
| 9 | 11/9 മുഹമ്മദ് ഹാസിർ | സിമെന്റ് ഉൽപ്പന്നം വിൽപ്പന | 2 |
| 10 | 11/379, യാഹിയ | പലചരക്ക് | 2 |
| 11 | 11/483 A മുഹമ്മദ് ആഷിഖ് | സൂപ്പർ മാർക്കറ്റ് | 2 |
| 12 | 12/591C വൽസൻ.എം | ഹോട്ടൽ | 5 |
| 13 | 8/187 ഹനീഷ് കുമാർ | കാറ്ററിംഗ് | 3 |
| 14 | 11/255 B തങ്കച്ചൻ.കെ.എ | ഗ്ലാസ് ഡിസൈനിംഗ് | 2 |
| 15 | 11/298, സാദിക് | ചായക്കട | 2 |

ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് 19/26.09.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, സ്ഥാപനങ്ങൾ പരിശോധിച്ച് തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് നിയമിച്ച ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് 19/26.09.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 FTE&OS ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെടുകയോ, പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2022-23 വർഷം ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി (ട്രെയിഡേഴ്സ്) ഈടാക്കിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 8/112 | സിബി ആന്റണി | ചായക്കട |
| 2 | 14/245 | നരിക്കോടൻ രോഹിണി | പലചരക്ക് കട |
| 3 | 12/355 | വി.ശാരദ | ഹോട്ടൽ |
| 4 | 12/323 | ജേക്കബ് മാത്യു | പലചരക്ക് കട |
| 5 | 11/636 A | ആനന്ദൻ.കെ | തുണി കച്ചവടം |
| 6 | 12/93 A,B,C | ജ്യോതിർഘോഷ് | ഇലക്ട്രിക്ക് കട |
| 7 | 8/293 | തോമസ്.കെ.പി. | കാറ്ററിംഗ് |
| 8 | രേഖപ്പെടുത്തിയില്ല | അജയൻ.കെ | ഓട്ടോമൊബൈൽസ് |
| 9 | രേഖപ്പെടുത്തിയില്ല | തോമസ്.പി.വി | JMJ ജനറൽ മർച്ചന്റ് |
| 10 | 11/930 | സിറാജ് കോട്ടക്കണ്ടി | ഫാൻസി |
| 11 | 12/483 | വിജേഷ്.കെ | ഓട്ടോമൊബൈൽസ് |
| 12 | രേഖപ്പെടുത്തിയില്ല | ജീജ റാണി | കല കമ്മ്യൂണിക്കേഷൻസ് |
| 13 | 6/75 | ശ്രീധരൻ നായർ | സ്റ്റേഷനറി |
| 14 | 12/206 E | റിനേഷ്.പി | ഓയിൽ മിൽ |
| 15 | 5/324 A | ജോസഫ് | ഫോട്ടോ ഫ്രയിം വിൽപ്പന |
| 16 | 11/1080A | എം.വിജയൻ | മെഡിക്കൽ ലാബ് |
| 17 | 8/154 A | നിധിൻ ജോസ് | മലഞ്ചരക്ക് കട |
| 18 | 11/830 | മുഹമ്മദലി.കെ. | ഫാൻസി കട |
| 19 | 11/566 | കെ.മുഹമ്മദ് | ജ്വല്ലറി |
| 20 | 9/394 | ഷലിൽ കുമാർ.എം | പലചരക്ക് കട |
| 21 | 11/804 | സി.എം.ദിനേശ് | നേഴ്സിംഗ് ഹോം |
| 22 | 11/352 | വിനോദ്.പി.പി | ചായക്കട |
| 23 | 6/242 | പ്രബൽ കുമാർ | (വ്യക്തമല്ല) |
| 24 | 12/537 | ഡോ.കെ.പി.സൈതുൽ | ഫാർമസി |
| 25 | 11/933 | ഫൈസൽ.കെ | സ്റ്റേഷനറി |
| 26 | 1/169 | സുരേന്ദ്രൻ.പി.പി | ചായക്കട |
| 27 | 11/932 | മുഹമ്മദ് | ഹോട്ടൽ |
| 28 | 11/254J | നീതു അനിൽ കമാർ | ട്രാവൽസ്, ടൂർസ് |
| 29 | 6/464 | ജീജ സന്തോഷ് | ഗാർമെന്റ്സ് |

| | | | |
|---|---|---|---|
| 30 | 11/798 | യൂസഫ് അരയാക്കൽ | ഉണക്ക മത്സ്യ വിൽപ്പന |
| 31 | 9/1169 | അബ്ദുൾ റഹിമാൻ | ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ സെന്റർ |
| 32 | 5/43F | അലി | ഹോട്ടൽ |
| 33 | 10/942 | ലൈല രാജൻ | തയ്യൽ കട |
| 34 | 11/539 | പി രാമചന്ദ്രൻ | രശ്മി ഹോസ്പിറ്റൽ |
| 35 | 12/259 | സൈബിൻ വർഗീസ് | രേഖപ്പെടുത്തിയില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26-09-2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥതയുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സ്ഥാപനങ്ങളിൽ നിന്നും FTE & OS ലൈസൻസ് ഫീ ഈടാക്കിയില്ല

2021-22, 2022-23 വർഷങ്ങളിലെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും 2021-22 വർഷത്തെ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തെ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല (1 മുതൽ 5 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ).

| ക്രമ നമ്പർ | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 1/130 A | ഷീന.പി. | വസ്ത്ര വിൽപ്പന |
| 2 | 1/185 | കെ.സി.കാദർ | അനാദി കട |
| 3 | 1/430 D | നിർമ്മൽ ജോസ് | സീ ഫുഡ് വിൽപ്പന |
| 4 | 2/19 A,B | അനിൽ.എം.ആർ | വാഹനങ്ങളുടെ ബോഡി വർക്സ് |
| 5 | 2/61 | പി.വി.റഫീഖ് | റേഷൻ കട |
| 6 | 2/114 | റഫീഖ്.പി.പി | ബേക്കറി |
| 7 | 2/119 C | വന്ദന ഇടത്തിൽ | വാടക സാധന വിൽപ്പന |
| 8 | 2/119 D | വസന്ത ഇടത്തിൽ | തുണി കച്ചവടം |
| 9 | 2/119 E | ചന്ദ്രൻ.പി.പി. | ഹോട്ടൽ |
| 10 | 2/134 A | നൗഫൽ.ടി.പി. | അനാദി കട |
| 11 | 2/214 | വിജേഷ്.പി.എസ്. | ഫൂട്ട്‌വെയർ |
| 12 | 2/250 A,B,C | മുഹമ്മദ് എ.പി | വെളിച്ചെണ്ണ ഉല്പാദനം |
| 13 | 2/345 | സക്കറിയ.കെ.വി | ഹാർഡ്‌വെയർ |
| 14 | 2/678 | ഷാജിൻ.പി. | സ്റ്റേഷനറി സ്റ്റോർസ് |
| 15 | 2/928 | അനിൽകുമാർ.കെ. | മെഡിക്കൽ ഷോപ്പ് |
| 16 | 2/1194 | ജാഫർ.എൻ. | ഫർണിച്ചർ വിൽപ്പന |
| 17 | 3/237 | തോമസ്.പി.പി. | അനാദി കട |
| 18 | 3/241 | മനോജ്.ടി.വി. | അനാദി കട |
| 19 | 4/2E | രാജു.ടി. | പന്നി ഫാം |

| | | | |
|---|---|---|---|
| 20 | 4/118 A | സിന്ധു.കെ.വി. | ഹോളോബ്രിക്സ് നിർമാണം |
| 21 | 4/327 D | മനോജ് കുമാർ.പി.പി | ഇലക്ട്രിക്കൽസ്, പ്ലംബിംഗ് |
| 22 | 4/329 E | ഷക്കീൽസാബ്.എം. | ഫ്രൂട്ട്സ് വിൽപ്പന |
| 23 | 5/24 D | വിഷ്ണു സി.വി | ഫാസ്റ്റ് ഫുഡ് |
| 24 | 5/34 | ജോസഫ്.ഒ.എം | പലചരക്ക് കട |
| 25 | 5/185 B | വിദ്യാധരൻ.കെ.എം, | പലചരക്ക് കട |
| 26 | 5/338 A | എം.വി.സൗദാമിനി | പലഹാര യൂണിറ്റ് |
| 27 | 5/512 D | പ്രദീപ് കുമാർ.കെ.വി. | മെഡിക്കൽ ഷോപ്പ് |

2022-23 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പെടാത്തതിനുള്ള കാരണം, 2022-23 വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/26.09.2023) പരിശോധിച്ച് മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് അടക്കാൻ ബാധ്യസ്ഥതയുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈസൻസ് അപേക്ഷകൾ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ അപാകങ്ങൾ

1) 2022-23 വർഷത്തിലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ള ചില സ്ഥാപനങ്ങളുടെ ലൈസൻസിയുടെ പേരും ഫീസ് ഈടാക്കിയതിന്റെ രസീത് നമ്പരും മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. അപേക്ഷ ലഭിച്ച തീയതി, സ്ഥാപനത്തിന്റെ കെട്ടിട നമ്പർ, സ്ഥാപനത്തിന്റെ തരം തുടങ്ങി ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | ലൈസൻസിയുടെ പേര് |
|---|---|
| 248 | സജിൻ പുതിയവീട്ടിൽ |
| 677 | ഷാനി.കെ |
| 679 | കെ.രാജീവൻ |
| 684 | ഷബി.സി |
| 687 | ദിനേശൻ.എൻ |
| 688 | റിയാസ്.കെ.പി |
| 689 | പി.വി.സോമൻ |
| 690 | ബിനീഷ് |
| 691 | അമൃതാനന്ദ്.എം. |

2) ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥാപനത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ എണ്ണം, ഈടാക്കേണ്ട ലൈസൻസ് ഫീസ് എന്നിവ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 8/321 | കെ.പി.തോമസ് | കാറ്ററിംഗ് | സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയില്ല |
| 2 | 11/20 | ഷിജു.എൻ.എം. | പലചരക്ക് | |
| 3 | 11/942 | സജീർ.പി. | പച്ചക്കറി കട | |

ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

3) 2/244 D എന്നീ കെട്ടിടത്തിൽ ശ്രീമതി.ഷീജ മോഹൻദാസ് എന്നവർക്ക് വളം വിൽപ്പന നടത്തുവാൻ ലൈസൻസ്

ഫീസ് ഇനത്തിൽ 500/- രൂപ (രസീത് നമ്പർ - 1220100523/ 16.05.2022) ഈടാക്കി 353/2022-23 പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇതേ വ്യക്തിയിൽ നിന്നും 23.11.2022 തീയതിയിലെ 1220103274 നമ്പർ രസീത് പ്രകാരം 500/- രൂപ ഈടാക്കി 555/2022-23 പ്രകാരം വീണ്ടും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 12/93 A,B,C എന്നീ കെട്ടിടത്തിൽ ശ്രീ.ജ്യോതിർഘോഷ് എന്നവർക്ക് റിലയൻസ് റീട്ടെയിൽ എന്ന സ്ഥാപനം നടത്താൻ ലൈസൻസ് ഫീസ് ഇനത്തിൽ 1000/- രൂപ (രസീത് നമ്പർ - 1210105438/ 18.02.2022) ഈടാക്കിയിട്ടുണ്ട്. ഇതേ വ്യക്തിയിൽ നിന്നും 20.05.2022 തീയതിയിലെ 1220100591 നമ്പർ രസീത് പ്രകാരം 1000/- രൂപ ഈടാക്കിയിട്ടുണ്ട്. (ലൈസൻസ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല). മേൽ പറഞ്ഞ 2 സ്ഥാപനങ്ങൾക്കും ഒരേ വർഷം 2 തവണ ലൈസൻസ് നൽകി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/26.09.2023) ശ്രീമതി.ഷീജ മോഹൻദാസ് 2 തവണ അപേക്ഷ സമർപ്പിച്ചതിനാലാണ് ഇരട്ടിപ്പ് സംഭവിച്ചതെന്നും, ശ്രീ.ജ്യോതിർഘോഷ് എന്നവർ 18.02.2023ന് അടവാക്കിയത് 2021-22 വർഷത്തെ ഫീ ആണെന്നും, രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ ഉണ്ടായ അപാകത ആണെന്നുമാണ് മറുപടിയായി നൽകിയിട്ടുള്ളത്. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-18 കൂട്ടിചേർക്കലിനായി പെർമിറ്റെടുത്ത കെട്ടിടങ്ങളുടെ നികുതി പുനർനിർണയം നടത്തിയിട്ടില്ല

2017-18 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി ഉടമസ്ഥർ അപേക്ഷ നൽകുകയോ ചെയ്തതായുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ കാലാവധി | അധിക നിർമാണ ത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം വസ്തു നികുതി നിർണയിച്ച തറ വിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 11/312 A | കൊട്ടയങ്ങോടൻഅബൂബക്കർ | 83/17-18 24.08.2020 | FF = 119.26 | GF = 167.65 |
| 2 | 15/265 | തെക്കനേൽ ജെയിംസ് | 31/17-18 17.06.2020 | FF = 67.79 | GF = 120.11 |
| 3 | 9/181 A | പി.കെ.ബിന്ദു | 53/17-18 17/07/2020 | FF = 39.97 | GF = 82.13 |

പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ നിലവിലെ നിർമ്മാണഘട്ടം, പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി പരിഷ്ക്കരിച്ച് ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/29.09.2023) മറുപടിയായി കെട്ടിടങ്ങളുടെ നിലവിലെ നിർമ്മാണഘട്ടം പരിശോധിച്ച് വസ്തുനികുതി പരിഷ്കരിച്ച് നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഫീൽഡ്തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതും, നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിച്ചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-19 മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

വൗച്ചർ നമ്പർ: 22200323, തീയതി: 15-7-22 – ₹8000

പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അറയങ്ങാട് അങ്കണവാടിയുടെ മുറ്റത്ത് സ്ഥിതി ചെയ്യുന്ന അങ്കണവാടി കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന മൂന്ന് തേക്ക് മരങ്ങൾ ഒരു പ്ലാവ്, ഒരു വട്ട എന്നീ 5 മരങ്ങൾ മുറിച്ച് മാറ്റുന്നതിനും ഒരു തേക്ക് മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് നീക്കിയതിനും കൂലി ഇനത്തിൽ മേൽ വൗച്ചർ പ്രകാരം ₹8000

നൽകിയിട്ടുണ്ട്. വനം വകുപ്പ് നൽകിയ വാലേഷൻ സർട്ടിഫിക്കറ്റ് പ്രകാരം നാല് തേക്ക് മരങ്ങളുടെ വാലേഷൻ തുക ₹117647യാണ്. നാല് തേക്ക് മരങ്ങളും മുറിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/29-9-23) ലഭ്യമാക്കിയ മറുപടിയിൽ മൂന്ന് തേക്ക് മരങ്ങൾ മുറിച്ച് മാറ്റുകയും സോഷ്യൽ ഫോറസ്ട്രിയുടെ വാലേഷന്റെ അടിസ്ഥാനത്തിൽ 10-8-22, 17-9-22 എന്നീ തീയതികളിൽ ലേലവും പുനർലേലവും ചെയ്തുവെങ്കിലും പ്രസ്തുത വാലേഷൻ തുകയ്ക്ക് ആരും ലേലം കൊള്ളാൻ തയ്യാറാകാത്തതിനാൽ മരങ്ങൾ വെയിലും മഴയും കൊണ്ട് നശിച്ച് പോകുമെന്നതിനാൽ മരങ്ങളുടെ വില പുനർനിർണ്ണയിച്ച് തരാൻ 20-10-22ന് സോഷ്യൽ ഫോറസ്ട്രിക്ക് കത്ത് നൽകിയതായും തടിയുടെയും വിറകിന്റെയും വില പുനർനിർണ്ണയിക്കാൻ സാധ്യമല്ല എന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മറുപടി നൽകിയതായും അറിയിച്ചിട്ടുണ്ട്. വ്യാപകമായ പ്രചരണം നടത്തി ലേലം നടത്തിയെങ്കിലും പ്രസ്തുത ലേലത്തിൽ ആരും പങ്കെടുക്കുകയുണ്ടായില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് തീരുമാന പ്രകാരം തടിയുടെ വില കുറച്ച് നൽകാൻ പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ച് മരങ്ങൾ നശിച്ച് പോകുന്നതിന് മുമ്പ് ലേലം കൊള്ളാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സ്മാർട്ട് ഐ-ഫേസ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ | 248/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000 തനത് ഫണ്ട് |
| ചെലവ് | ₹177000 ബിൽ നം : 257/25-2-23 |

മേൽ പ്രോജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സി,സി,ടി,വി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവ്വർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/23-9-23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പരിപാടികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹78100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 72/23, ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹78100 വികസന ഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹78100 |
| ബിൽ നമ്പർ, തീയതി | 152/29-12-22 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസന ഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം.ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹78100 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23-9-23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹78100യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 218/23, |
| പ്രോജക്ടിന്റെ പേര് | എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹100000 |
| ബിൽ നമ്പർ, തീയതി | 266/28-2-23 |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല പഞ്ചായത്തിന് ₹100000 കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23-9-23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 തെറ്റുവഴി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹86000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ | 206/23 |
| പ്രോജക്ടിന്റെ പേര് | തെറ്റുവഴി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹100000 വികസനഫണ്ട് –<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹100 – തനത് ഫണ്ട്<br>ആകെ – ₹100100 |
| ചെലവ് | ₹86000 ബിൽ നം: 249/22-2-23 |

മേൽ പ്രൊജക്ട് പ്രകാരം തെറ്റുവഴി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡിസ്ട്രിക്ട് ഓഫീസർ സമർപ്പിച്ച് എസ്റ്റിമേറ്റ് പ്രകാരം ₹86,000 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡിസ്ട്രിക്ട് ഓഫീസർക്ക് കൈമാറിയതായി കാണുന്നു. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡിസ്ട്രിക്ട് ഓഫീസറുടെ ട്രഷറി

അക്കൗണ്ടിലേക്കും, ബാങ്ക് അക്കൗണ്ടിലേക്കും (SBI) ട്രാൻസ്ഫർ ചെയ്തതായുള്ള രണ്ട് ബില്ലുകൾ ഫയലിലുണ്ട്, യഥാർത്ഥത്തിൽ ഏത് അക്കൗണ്ടിലേക്കാണ് തുക കൈമാറിയത് എന്ന് തെളിയിക്കുന്ന രേഖ പരിശോധനക്കായി ലഭ്യമാക്കാനും മേൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാനും ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കാനും വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/23-9-23) ലഭ്യമാക്കിയ മറുപടിയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റിന്റെ എസ് ബി ഐ യുടെ കണ്ണൂർ സൗത്ത് ബസാറിലുള്ള ബ്രാഞ്ചിലെ നമ്പർ 34744880804 എന്ന അക്കൗണ്ടിലേക്കാണ് തുക കൈമാറിയത് എന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹86,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കിനത്തിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത ഈ ഒരു പ്രവൃത്തി മാത്രമേ ഉള്ളൂ എന്ന് ഇത് സംബന്ധിച്ച എൻക്വയറിക്ക് (1/19-9-23) മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.2022, 10.07.2022 എന്നീ തീയതികളിലെ സർക്കുലർ ഡി.എ.1-64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് മാത്രമാണ് പ്രവൃത്തികൾ നടത്തുന്നത് എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 വനിതകൾക്ക് യോഗ പരിശീലനം - രേഖകൾ ലഭ്യമല്ല-₹288000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 57/23, വനിതകൾക്ക് യോഗ പരിശീലനം |
| അടങ്കൽ | ₹288000 വികസനഫണ്ട് |
| ചെലവ് | ₹288000 ബിൽ നം : 26/15-6-22 |

വനിതകൾക്ക് യോഗ പരിശീലനം എന്ന പദ്ധതി പ്രകാരം പേരാവൂർ ഗ്രാമ പഞ്ചായത്തിലെ ഏഴ് കേന്ദ്രങ്ങളിൽ വെച്ച് പരിശീലനം നൽകാനും ഒരു വ്യക്തിക്ക് ₹1600 വെച്ച് 282 വനിതകൾക്ക് പരിശീലനം നൽകാനുമാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ആയത് പ്രകാരം പത്രപ്പരസ്യം നൽകി പരിശീലകനെ തെരഞ്ഞെടുത്തു. ഒരാൾക്ക് ഒന്നര മണിക്കൂർ വെച്ച് 36 ദിവസത്തെ പരിശീലനമാണ് പദ്ധതി പ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) യോഗ പരിശീലനത്തിനായി രണ്ട് പരിശീലകരെ നിയമിച്ചിട്ടുണ്ട്. എന്നാൽ പരിശീലകരെ തെരഞ്ഞെടുത്തതിന്റെ/ ഇന്റർവ്യൂ നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

2) പദ്ധതിയിൽ ഏഴ് പരിശീലന കേന്ദ്രങ്ങൾ ആണ് ഉദ്ദേശിച്ചതെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4-5-22 ലെ 1/99/22(3) നമ്പർ തീരുമാന പ്രകാരം എട്ട് യോഗ പരിശീലന കേന്ദ്രങ്ങൾ അംഗീകരിച്ചു. എന്നാൽ മെമ്പർമാർ നൽകിയ സാക്ഷ്യപത്ര പ്രകാരം 24-1-22 മുതൽ 30-4-22 വരെ വിവിധ വാർഡുകളിലായി 293 പേർ പരിശീലനം നേടിയിട്ടുണ്ട്. പരിശീലന കാലത്തിന് ശേഷം യോഗ കേന്ദ്രങ്ങൾ അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല.

3) നാല് കേന്ദ്രങ്ങളിലായി മൂന്ന് മാസക്കാലയളവിൽ പരിശീലനം നൽകിയതിന് ഒരു പരിശീലകന് ഒരു കേന്ദ്രത്തിന് ₹12000 വെച്ച് നാല് കേന്ദ്രങ്ങൾക്ക് ₹144000 വീതം 8 കേന്ദ്രങ്ങളിലെ പരിശീലനത്തിന് രണ്ട് പരിശീലകർക്ക് ₹288000 നൽകിയിട്ടുണ്ട്. എന്നാൽ പരിശീലകർ എത്ര സെഷൻ കൈകാര്യം ചെയ്തു എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പരിശീലകർക്ക്പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.5 പ്രകാരം ഒരു സെഷന് ₹400 വെച്ച് ഒരു മാസം നൽകാവുന്ന പരമാവധി വേതനം ₹12000യാണ്. പരിശീലകർക്ക് മാർഗ്ഗരേഖയിൽ നിശ്ചയിച്ചതിൽ അധികം വേതനം നൽകിയിട്ടുണ്ട്.

4) മെമ്പർമാർ നൽകിയ സാക്ഷ്യപത്രപ്രകാരം 24-1-22 മുതൽ 30-4-22 വരെ വിവിധ വാർഡുകളിലായി 293 പേർ പരിശീലനം നേടിയിട്ടുണ്ട്. എന്നാൽ പരിശീലകർ വേതനത്തിന് വേണ്ടി നൽകിയ അപേക്ഷയിൽ നാല് കേന്ദ്രങ്ങളിലായി 100വീതം വനികൾക്ക് പരിശീലനം നൽകി എന്നും രണ്ട് പരിശീലകർ 8 കേന്ദ്രങ്ങളിലായി ആകെ 200 പേർക്ക് പരിശീലനം നൽകിയതായാണ് വ്യകത്മാക്കിയിട്ടുള്ളത്. യോഗ പരിശീലനം നേടിയവരുടെ ഹാജർ പത്രിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) പ്രൊജക്ടിൽ ഒരു വ്യക്തിക്ക് ₹1600 വെച്ച് പരിശീലനം നൽകണം എന്ന് കാണിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല.

6) പ്രൊജക്റ്റ് പ്രകാരം 36 ദിവസത്തെ പരിശീലനം ഉദ്ദേശിച്ചതിൽ മൂന്ന് മാസത്തെ പരിശീലനം നൽകി ₹288000 വേതനം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

7) പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
അപാകങ്ങൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/27-9-23) സെക്രട്ടറി സമർപ്പിച്ച മറുപടി തൃപ്തികരമല്ല. രേഖകൾ ഹാജരാക്കുന്ന എന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹288000 തടസ്സപ്പെടുത്തുന്നു. പരിശിലകരെ തെരഞ്ഞെടുത്തതിന്റെ/ഇന്റർവ്യൂ നടത്തിയതിന്റെ രേഖകൾ ഓരോ പരിശീലകരും കൈകാര്യം ചെയ്ത സെഷന്റെ എണ്ണം വ്യക്തമാക്കുന്ന രേഖകൾ പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ പത്രിക മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ നൽകലും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹129914യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ | 134/23 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ നൽകലും |
| അടങ്കൽ | ₹130000 വികസന ഫണ്ട് |
| ചെലവ് | ₹129914<br>ബിൽ നമ്പർ 299/15-3-23 ₹129914 |

മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ഉപകരണങ്ങളുടെ ആവശ്യകത തിട്ടപ്പെടുത്തി ആവശ്യമായ ഉപകരണങ്ങൾ കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് വെൽഫെയർ കോർപ്പറേഷനിൽ നിന്നും 16 ഫോൾഡിംഗ് വാക്കറും 13 ക്രോംപറ്റഡ് വീൽ ചെയറും വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.
1) മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എല്ലാ അപേക്ഷകളും സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ഒരു ഓർത്തോ പിഡിക് സർജൻ ആണ്.
2) 24 പേരുടെ അപേക്ഷകൾ ഡോക്ടർ സാക്ഷ്യപ്പെടുത്തുകയും ഉപകരണങ്ങൾ നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷകൾ സമർപ്പിക്കാത്ത കല്ല്യാണി, വിൻസന്റ് ജോർജ്ജ് എന്നിവർക്ക് വീൽ ചെയറും, ദേവു പരപ്രത്ത് എന്നവർക്ക് ഫോൾഡിംഗ് വാക്കറും നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ഡോക്ടർമാർ പരിശോധിച്ച് ഉപകരണങ്ങൾ നിർണ്ണയിച്ച് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3) 13 ക്രോംപറ്റഡ് വീൽ ചെയർ വാങ്ങിയതിൽ രേഖകൾ പ്രകാരം 12 എണ്ണമാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാത്ത വീൽ ചെയർ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.
4) ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/27-9-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹129914യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 കോക്ലിയാർ ഇംപ്ലാന്റേഷന് തുക നൽകൽ -രേഖകൾ ലഭ്യമല്ല -₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ | 107/23 |
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റേഷന് തുക നൽകൽ |
| അടങ്കൽ | ₹100000 വികസനഫണ്ട് |
| ചെലവ് | ₹100000<br>ബിൽ നമ്പർ 201/3-2-23 ₹50000<br>ബിൽ നമ്പർ 364/28-3-23 ₹50000 |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7-2 (ബി) (2) പ്രകാരം കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി

നൽകിയിരുന്നു. മേൽ പദ്ധതി പ്രകാരം 100000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ലിസ്റ്റ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയതിന്റെ വിവരം, തുക വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 22/27-9-23) ലഭ്യമാക്കിയ മറുപടിയിൽ നാല് ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. ഇതിൽ ഏതൊക്കെ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യമാണ് സോഷ്യൽസെക്യൂരിറ്റി മിഷന് നൽകിയത് എന്ന് വ്യക്തമല്ല. ഗുണഭോക്താക്കൾ സോഷ്യൽ സെക്യൂരിറ്റി മിഷന് അപേക്ഷനൽകുകയാണ് ചെയ്യുന്നത് എന്ന ഗുണോക്താക്കളുടെ വിവരം പഞ്ചായത്ത് സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകാറില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഏതൊക്കെ ഗുണഭോക്താക്കൾക്ക് ഏതു രീതിയിൽ ആനുകൂല്യം ലഭ്യമായി എന്നതിന്റെ രേഖകൾ ഉൾപ്പെടുന്ന മോണിറ്ററിംഗ് റിപ്പോർട്ട് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ നൽകലും -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹207353യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ | 132/23 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ നൽകലും |
| അടങ്കൽ | ₹ 250000 വികസനഫണ്ട് |
| ചെലവ് | ₹207353<br>ബിൽ നമ്പർ 363/28-3-23 ₹207353 |

മേൽ പദ്ധതി പ്രകാരം ₹207353യുടെ ഉപകരണങ്ങൾ കേരള വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങി 15 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1) ആവശ്യമുള്ള ഉപകരണങ്ങൾ നിർണ്ണയിക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല, എല്ലാ അപേക്ഷകളും സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ഒരു ഓർത്തോ പിഡിക് സർജൻ ആണ്.

2) അപേക്ഷകളിൽ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങിയതിൽ 5 തെറാപ്പി മാറ്റ് വാങ്ങിയിട്ടുണ്ടെങ്കിലും നാലെണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. വിതരണം ചെയ്യാത്ത തെറാപ്പി മാറ്റ് എന്ത് ചെയ്തു എന്ന് വ്യക്തമല്ല. വിതരണ രജിസ്റ്റർ പ്രകാരം ഇന്ദിര. വി എന്ന ഗുണഭോക്താവിനാണ് തെറാപ്പി മാറ്റ് ആവശ്യമാണെന്ന് ഡോക്ടർ സർട്ടിഫൈ ചെയ്തിട്ടും നൽകാതിരുന്നത്. ആയതിന്റെ കാരണം വ്യക്തമല്ല.

3) മാത്യു വി എന്ന ഗുണഭോക്താവിന് വാക്കിംഗ് സ്റ്റിക്ക് ആവശ്യമാണെന്ന് ഡോക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ ഭിന്നശേഷിക്കാരനാണെന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/27-9-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹207353 തടസ്സപ്പെടുത്തുന്നു. പദ്ധതി നടപ്പാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും മറ്റു രേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 അതിദരിദ്രരുടെ അതിജീവനം- പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല-ചെലവ് തുക ₹14057 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ | 226/23 |
| പ്രോജക്ടിന്റെ പേര് | അതിദരിദ്രരുടെ അതിജീവനം |
| അടങ്കൽ | ₹ 199820 തനത്ഫണ്ട് |
| ചെലവ് | ₹14057<br>ബിൽ നമ്പർ 391/30-3-23 ₹14057 |

അതിദരിദ്രരുടെ അതിജീവനം എന്ന് പദ്ധതിയിൽ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നൽകാനായി പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവ വാങ്ങിയതിന്റെ തുക മാവേലി സ്റ്റോറിന് 11107/- രൂപയും പച്ചക്കറിക്ക് 2,950/- രൂപയുമാണ് നൽകിയത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) മേൽ കാണിച്ച വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) അതിദരിദ്രരുടെ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതിയിൽ ₹199820 വകയിരുത്തിയിട്ടും മാർച്ച് മാസം മാത്രമാണ് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ വാങ്ങിയതായി കാണുന്നത്. പഞ്ചായത്തിലെ അതിദരിദ്രരുടെ ലിസ്റ്റിൽ 330 പേർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ തുക വകയിരുത്തിയിട്ടും ഈ കുടുംബങ്ങൾക്ക് യഥാസമയം ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാതെ വർഷത്തിൽ ഒരു തവണ മാത്രം വിതരണം ചെയ്യാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

4) പദ്ധതി ഉദ്ദേശലക്ഷ്യം നേടിയത് സംബന്ധിച്ച് പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/27-9-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹14057യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുകയും അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുകയും ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്. ജീവകാരുണ്യപരമായ ഈ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്ത് ആവശ്യമായ കരുതൽ എടുക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-29 കാരുണ്യം പെയിൻ&പാലിയേറ്റീവ് ഹോം കെയർ -മരുന്ന് ലഭ്യമായിട്ടില്ല-₹1,30068യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| പ്രോജക്ട് നമ്പർ, പേര് | 13/23, കാരുണ്യം പെയിൻ&പാലിയേറ്റീവ് ഹോം കെയർ |
| അടങ്കൽ | ₹ 7,21,160 വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹ 6,58,869 |
| ബിൽ നമ്പർ, തീയതി, തുക | 21220552008500794764, 19-11-2022, ₹199998 (കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയ ബിൽ) |

മേൽ പ്രോജക്ട് പ്രകാരം സാന്ത്വന പരിചരണ രോഗികൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി 27-07-2022ലെ PRF 806 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ₹199998 മുൻകൂറായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ₹69930 യുടെ മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി ₹1,30068യുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സുകളോ, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (30/27-09-2023) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് ₹1,30068യുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ലാത്തതിനാൽ ₹1,30068യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല- ₹86342 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 106/23, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| അടങ്കൽ | ₹3,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹3,00,000 |
| ബിൽ നമ്പർ/തീയതി | 22220552008401497175/27-03-2023 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി ആകെ ₹3,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയതിന്റെ അടിസ്ഥാനത്തിൽ ₹2,13,658യുടെ മരുന്നുകൾ (Tax Invoice No.LF-945/10-08-2023) ലഭിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി ₹86342യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ

ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മരുന്നുകൾ ലഭിക്കാത്ത പക്ഷം ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം അറിയിക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/21-09-2023) ₹86342യുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ലാത്തതിനാൽ ₹86342യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 92/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | ₹8,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹8,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹8,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹24,00,000 |
| ചെലവ് | ₹8,00,000 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹5,16,588 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹2,50,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ചെലവ് - ₹15,66,588 |
| ബിൽ നമ്പർ, തീയതി, തുക | വികസന ഫണ്ട് (പൊതു വിഭാഗം)<br>1) 1/22-23/28-02-2023, ₹152841<br>2) 10/22-23/17-03-2023, ₹597052<br>3) 11/22-23/17-03-2023, ₹34192<br>4) 12/22-23/17-03-2023, ₹15915<br>ആകെ – ₹8,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1) 2/22-23/28-02-2023, ₹81061<br>2) 4/22-23/09-03-2023, ₹357320<br>3) 5/22-23/09-03-2023, ₹78207<br>ആകെ – ₹5,16,588<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>1) 3/22-23/28-02-2023, ₹22708<br>2) 6/22-23/09-03-2023, ₹21884<br>3) 8/22-23/13-03-2023, ₹205408<br>ആകെ – ₹ 2,50,000 |

28-05-2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-3 (9) പ്രകാരം 40,000/- രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സഹകരണ സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് മൂന്ന് രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2) ഒരു കുടുംബത്തിലെ ഒരു കർഷകന് മാത്രമേ ധനസഹായം നല്കാൻ പാടുള്ളൂ എന്നും, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണമെന്നും 28-05-2022ലെ സർക്കാർ ഉത്തരവ്(കൈ)നം.115/2022/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-3 (9)ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിലില്ല.

3) 28-05-2022ലെ സർക്കാർ ഉത്തരവ് (കൈ)നം.115/2022/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-3 (9) പ്രകാരം 40,000/- രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീരസഹകരണ സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് മൂന്ന് രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2022 ഏപ്രിൽ മുതൽ ജൂൺ വരെയും ഓഗസ്റ്റ് മുതൽ നവംബർ വരെയുമുള്ള കാലയളവിലെ സബ്സിഡി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2022 ജൂലൈ മാസത്തെയും നവംബറിന് ശേഷമുള്ള മാസങ്ങളിലേയും സബ്സിഡി അനുവദിച്ചിട്ടില്ല.
മേൽ പരാമർശങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (28/27-09-2023) നല്കിയതിനെ തുടർന്ന് ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കുകയും ഒരു കുടുംബത്തിലെ ഒരു കർഷകന് മാത്രമേ ധനസഹായം നല്കിയിട്ടുള്ളൂ എന്നും, 40,000/- രൂപ വാർഷിക പരിധി പാലിച്ചാണ് സബ്സിഡി അനുവദിച്ചതെന്നും, 2022 ജൂലൈ മാസത്തെ സബ്സിഡി ഡിപ്പാർട്ട്മെന്റ് മുഖേന നല്കിയിട്ടുണ്ടെന്നും ഫണ്ടില്ലാത്തതിനാൽ നവംബറിന് ശേഷമുള്ള മാസങ്ങളിലെ സബ്സിഡി അനുവദിക്കാൻ സാധിച്ചിട്ടില്ലെന്നും മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ക്ഷീരകർഷകർക്ക് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമാക്കാനുതകും വിധം ഫണ്ട് വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കുളത്തിലെ മത്സ്യകൃഷി - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ, പേര് | 65/2023, കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ | ₹119279, വികസന ഫണ്ട്, ജനറൽ<br>₹196800, സംസ്ഥാന വിഹിതം<br>₹77520, ജില്ലാ പഞ്ചായത്ത് വിഹിതം<br>₹885600, ഗുണഭോക്തൃ വിഹിതം (നേരിട്ട്)<br>ആകെ - ₹12,79,199 |
| ചെലവ് | ₹119279, വികസന ഫണ്ട് ജനറൽ<br>₹119281 സംസ്ഥാന വിഹിതം<br>₹536760 ഗുണഭോക്തൃ വിഹിതം (നേരിട്ട് )<br>ആകെ - ₹775320 |
| ബിൽ നമ്പർ, തീയതി | 22220552016600714061/31-10-22 |

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പ് വരുത്തുക, സ്വന്തമായി കുളങ്ങളില്ലാത്ത മത്സ്യ കൃഷിയോട് താത്പര്യമുള്ള കുടുംബശ്രീ അയൽക്കൂട്ടം, സ്വയംസഹായ സംഘം, കർഷകർ എന്നിവരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.
തൻവർഷം ഒന്നാം ഘട്ടമായി 8 ഗുണഭോക്താക്കൾക്ക് മത്സ്യ തീറ്റയൊഴികെയുള്ള ചെലവിന്റെ (ടാർപ്പോളിൻ ഷീറ്റ്, വാട്ടർ പമ്പ്, വെഞ്ചുറി പമ്പ്, വല, വിത്ത്, മരുന്ന് തുടങ്ങിയവ) 40% സബ്സിഡിയായി ₹775320 ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.22 ഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾക്കും കുളം നിർമ്മാണത്തിന് അർഹമായ മുഴുവൻ തുകയും ധനസഹായം ആയി അനുവദിച്ചിട്ടുണ്ട്. കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താത്തതിനുള്ള കാരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (03/20-09-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാകുന്ന സമയത്ത്, തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ നിർവ്വഹണം പൂർത്തിയാകാതിരുന്നതിനാലാണ് ഇത്തരത്തിൽ ഗുണഭോക്താക്കൾ തന്നെ നേരിട്ട് കുളം കുഴിച്ചതിന് സബ്സിഡി നൽകേണ്ടി വന്നത് എന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ നിർവഹണം പദ്ധതി നിർവ്വഹണ കലണ്ടറിലെ പ്രവൃത്തികളുമായി ഒത്തുപോകത്തക്ക വിധത്തിൽ ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പെരുമ്പന്ന |
| പ്രോജക്റ്റ് നമ്പർ, പേര് | 122/23, പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം |
| അടങ്കൽ | ₹75000 മികച്ച പഞ്ചായത്ത് പ്രോത്സാഹന ധനസഹായം |
| ചെലവ് | ₹75000 മികച്ച പഞ്ചായത്ത് പ്രോത്സാഹന ധനസഹായം |
| ബിൽ നമ്പർ, തീയതി, തുക | 007/21-3-23, ₹75000 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ 3 വിദ്യാലയങ്ങളിലെ 50 പെൺകുട്ടികൾക്ക് സ്വയംസുരക്ഷ നൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. പ്രൈമറി വിദ്യാർത്ഥികൾക്ക് കായിക ക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി 30 ദിവസത്തെ പരിശീലനം നൽകുന്നതിനാണ് പദ്ധതി. പദ്ധതിയിൽ കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് പരിശീലകന് പ്രതിദിനം ₹1000 വെച്ച് പരിശീലകന്റെ വേതനമിനത്തിൽ 30 ദിവസത്തേക്ക് ₹30000യും പരിശീലനത്തിനെത്തുന്ന കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് ₹25 നിരക്കിൽ 50 പേർക്കുള്ള ഭക്ഷണച്ചെലവിനത്തിൽ ₹37500യും അനുബന്ധ ചെലവുകൾക്കായി ₹7500യുമാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) സ.ഉ.(കൈ)84/22/തസ്വഭവ 19.04.22 പ്രകാരമുള്ള പതിനാലാം പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ.8.6(18) പ്രകാരം കരാട്ടെ പരിശീലനം ഹൈസ്കൂൾ/ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കു മാത്രമായി പരിമിതപ്പെടുത്തിയ ഒന്നാണ്. ജില്ലാ പഞ്ചായത്താണ് പദ്ധതി നടപ്പാക്കേണ്ടതും. എന്നാൽ ഇവിടെ പ്രസ്തുത നിർദ്ദേശം പാലിക്കാതെ I മുതൽ VII വരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് പരിശീലനം നൽകിയത്. ഇതിൽ 17 കുട്ടികൾ ലോവർ പ്രൈമറി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023ന നടന്ന യോഗത്തിന്റെ തീരുമാനം 3.5, തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാഭ്യാസം - പ്രൈമറി സ്കൂൾതലത്തിൽ കായിക പരിശീലനം നൽകുവാനുള്ള അധ്യാപകരുടെ യോഗ്യത, വേതനം എന്നിവ നിശ്ചയിച്ച സ.ഉ.(സാധാ)നം.1528/2023/LSGD തീയതി, തിരുവനന്തപുരം, 26-07-2023 ഉത്തരവ് എന്നിവ പ്രകാരം കരാട്ടെ അധ്യാപകന് ഒരു ദിവസത്തേക്ക് ഒരു സെഷന് അനുവദനീയമായ നിരക്ക് ₹400യാണ്. ഇത്തരത്തിൽ പ്രതിമാസം ഒരു അധ്യാപകന് അനുവദനീയമായ ആകെ തുക 30 സെഷന് ₹400 വീതം ആകെ ₹12000 മാത്രമാണ്. എന്നാൽ മേൽപ്പറഞ്ഞ നിരക്കിൽ അല്ല കരാട്ടെ അധ്യാപകന് പദ്ധതി പ്രകാരം വേതനം നൽകിയിരിക്കുന്നത്. കരാട്ടെ പരിശീലകനായ ശ്രീ.ജോസ് തോമസിന് പഞ്ചായത്ത് വേതനം നൽകിയിരിക്കുന്നത് സെഷന് ₹500 നിരക്കിൽ ഒരു ദിവസം രണ്ടു സെഷൻ എന്ന കണക്കിൽ ആകെ ₹1000 വച്ച് 30 ദിവസത്തേക്ക് ₹30000യാണ്. സ.ഉ.(സാധാ)നം.1528/2023/LSGD തീയതി, തിരുവനന്തപുരം, 26-07-2023 ഉത്തരവ് പ്രകാരം കരാട്ടെ അധ്യാപകന്റെ യോഗ്യത 8th DAN ബ്ലാക്ക് ബെൽറ്റ് NIS എന്നിവ ആണ്. എന്നാൽ പഞ്ചായത്തു പരിശീലനത്തിനായി തെരഞ്ഞെടുത്ത പരിശീലകന്റെ (ശ്രീ.ജോസ് തോമസ്) അപേക്ഷ പ്രകാരം ടിയാന്റെ യോഗ്യത 3rd DAN ബ്ലാക്ക് ബെൽറ്റ് ആണ്. മാർഗ്ഗരേഖയിലെ നിബന്ധന ലംഘിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/23-09-202) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം പരസ്യം ചെയ്തിട്ടും യോഗ്യതയുള്ള പരിശീലകരെ ലഭ്യമാകാത്തതിനാലാണ് ലഭ്യമായ പരിശീലകനെ തെരെഞ്ഞെടുത്തത് എന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ സ.ഉ.(സാധാ)നം.1528/2023/LSGD തീയതി, തിരുവനന്തപുരം, 26-07-2023 നിഷ്കർഷിച്ച പ്രകാരം കരാട്ടെ അധ്യാപകന് ഒരു ദിവസത്തേക്ക് ഒരു സെഷന് അനുവദനീയമായ നിരക്ക് ₹400ൽ പരിമിതപ്പെടുത്തി വേതനം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ല

പതിനാലാം പദ്ധതിയുടെ സവിശേഷ വികസന ലക്ഷ്യങ്ങളായി പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നമ്പർ 84/2022/ത.സ്വ.ഭ.വ തീയതി 19-04-2022) ഖണ്ഡിക 8.11 (4), (5) എന്നിവ പ്രകാരം 04.02.2010-ലെ 8378/ഡി.എ1/2010/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ അവ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും. കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ

കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പിലാക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. പേരാവൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ല. ആയതു രൂപീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും. കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പിലാക്കാവുവാൻ വേണ്ട ക്രിയാത്മക ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-35 സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണർ മരണപ്പെട്ട ശേഷവും പെൻഷൻ ഗഡുക്കൾ അനുവദിച്ചു-₹1,00,800 തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ പേരാവൂർ പഞ്ചായത്തിലെ ശ്മശാനവുമായി ബന്ധപ്പെട്ട അപേക്ഷകൾ, മരണ റിപ്പോർട്ട് രജിസ്റ്റർ എന്നിവ സാമൂഹ്യക്ഷേമ പെൻഷൻ സോഫ്റ്റ്‌വെയറായ സേവനയുമായി ഒത്തു നോക്കിയപ്പോൾ, പഞ്ചായത്ത് വഴി വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ പെൻഷണർമാർ മരണപ്പട്ടതിനു ശേഷവും നൽകിയതായി കാണുന്നു. പെൻഷണർമാർ മരണപ്പെട്ടതിനു ശേഷവും വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പെൻഷൻ തരം | പെൻഷണറുടെ പേര്/ആധാർ നമ്പർ | പെൻഷൻ ഐഡി | മരണപ്പെട്ട തീയതി | സേവന പ്രകാരം ലഭ്യമായ ബാങ്ക് അക്കൗണ്ട് നം. | അധികം നൽകിയ തുക | ഏതു മാസം മുതൽ ഏതു മാസം വരെ |
|---|---|---|---|---|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | ആഗ്നസ് ലൂയിസ് (621098937799) | 111760200869 | 06.12.2021 | (A/c. Xxxxx058) | 28,800/- | 01/2022 മുതൽ 06/2023 വരെ |
| 2 | വാർദ്ധക്യ കാല പെൻഷൻ | സരോജിനി (662784591307) | 111760202316 | 06.03.2022 | (A/c. Xxxxx586) | 24,000/- | 04/2022 മുതൽ 06/2023 വരെ |
| 3 | വാർദ്ധക്യ കാല പെൻഷൻ | രാഘവൻ (566465295243) | 111760200739 | 11.01.2023 | (A/c. Xxxxx557) | 8,000/- | 02/2023 മുതൽ 06/2023 വരെ |
| 4 | വാർദ്ധക്യ കാല പെൻഷൻ | വാസു (866694379586) | 111760201845 | 01.2023 | (A/c. Xxxxx111) | 8,000/- | 02/2023 മുതൽ 06/2023 വരെ |
| 5 | വാർദ്ധക്യ കാല പെൻഷൻ | സോമൻ (253103600353) | 111760202630 | 05.10.2021 | (A/c. Xxxxx394) | 32,000/- | 11/2021 മുതൽ 06/2023 വരെ |
| | | | ആകെ | | | | 1,00,800 |

പെൻഷണർമാർ മരണപ്പട്ടതിനു ശേഷവും പെൻഷൻ തുക നൽകിയത് സംബന്ധിച്ച് 27/27.09.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അധികം നൽകിയ തുക തിരിച്ച് പിടിച്ച് സർക്കാരിന്റെ പെൻഷൻ അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പെൻഷൻ വിതരണം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ 05.11.20ലെ സർക്കുലർ നമ്പർ 67/20ലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-36 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

2022-23 വർഷം വിവിധ പ്രൊജക്ടുകളിലായി ₹1865458യുടെ ചെലവുകൾ കൃഷി ഓഫീസർ നടത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് നടപ്പിലാക്കി പൂർത്തീകരിച്ചതിന്റെ കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

ജി.ഒ. (എം.എസ്)115/2022/ത.സ്വ.ഭ.വ. തിയ്യതി 28-05-2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.7, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(2) നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി)166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക2-2ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് ഉടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ കമ്മിറ്റിയുടെ മിനട്സ് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/20-09-2023) മറുപടി നല്കിയിട്ടില്ല.

19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതുമാണ്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-38 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി - വിവരം ലഭ്യമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28-05-2022ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.1 ൽ സംരഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023 ലെ സ.ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും 04-01-2023ലെ സ.ഉ.(കൈ)3/2023 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/27-09-2023) മറുപടി നല്കിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം

പ്രാദേശിക സാമ്പത്തിക വികസന പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

## 1-39 മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം

മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നു. ഒരേ പ്രവൃത്തി തന്നെ 'സ്പിൽ ഓവർ' ആയി തുടർന്നുപോരുന്ന സ്ഥിതിയാണുള്ളത്. തന്മൂലം അതത് വർഷത്തെ പദ്ധതി പ്രവർത്തനത്തിന് തുക കണ്ടെത്താനാകാത്ത സാഹചര്യം സംജാതമാകുന്നു. 2022-23 സാമ്പത്തിക വർഷം 64 മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 20 എണ്ണവും മുൻവർഷങ്ങളിൽ ആരംഭിച്ച് 'സ്പിൽ ഓവർ' ആയ പദ്ധതികളായിരുന്നു. 27 പ്രവൃത്തികൾ തൻവർഷം നിർവ്വഹണം പൂർത്തിയാക്കി ഫൈനൽ പേയ്മെന്റ് നൽകിയിട്ടില്ല. തൻവർഷം വകയിരുത്തിയ ആകെ അടങ്കൽ തുക ₹33842324യായിരുന്നു. എന്നാൽ ചെലവഴിക്കുവാനായത് ₹12241426 മാത്രമാണ്. അതായത് 36.17 ശതമാനം ചെലവ് മാത്രം. മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ സംഭവിച്ച കാലതാമസം ആയതിന്റെ കാരണം കണ്ടെത്തി ഭാവിയിൽ ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-40 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ

2022-23-ലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1) 2022-23-ലെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ഉൾപ്പടെ ആകെ 64 മരാമത്ത് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടുകളിൽ ഭൂരിഭാഗവും 2 ലക്ഷമോ അതിൽ കുറവോ അടങ്കൽ ഉള്ളവയായിരുന്നു. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണമെന്നാണ് മനസ്സിലാകുന്നത്. പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനാൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. വാർഡ് അടിസ്ഥാനത്തിലല്ലാതെ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പ്രോജക്ടുകൾ ആവിഷ്കരിക്കാതിരുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണമായി. വാർഡ് വികസനമെന്ന കാഴ്ചപ്പാടിനു പകരം കൂടുതൽ അടങ്കൽ തുകയുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണ സമിതി തയ്യാറാകേണ്ടതാണ്.

(2) സുലേഖ സോഫ്റ്റ്‌വെയറിൽ പതിവു രീതിയിൽ പ്രോജക്ടിന്റെ വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രോജക്ടിനെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനു വേണ്ടി ലളിതമായ ഭാഷയിൽ ഒരു പ്രോജക്ട് സംഗ്രഹം കൂടി തയ്യാറാക്കി ചേർക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. അടുത്ത സാമ്പത്തിക വർഷം മുതൽ മേൽ നിർദ്ദേശം പാലിക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

(3) നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും, ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലൂടെ സർക്കാർ നൽകിയ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. നടപ്പു സാമ്പത്തിക വർഷം മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ച് പ്രവർത്തികൾ നടപ്പിലാക്കിയിട്ടില്ല. ആയതു തയ്യാറാക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(4) പ്രവൃത്തികൾക്ക് സമയബന്ധിതമായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം സാമ്പത്തിക വർഷത്തിന്റെ അന്ത്യപാദത്തിലേക്ക് വലിച്ചിഴക്കുകയും, വർഷാന്ത്യത്തിൽ തിരക്കിട്ട് പണി നടത്തി ബിൽ നൽകുകയും ചെയ്യുന്ന പതിവ് രീതി ഓഡിറ്റ് വർഷവും ആവർത്തിച്ചു. 2022-23-ലെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി സാമ്പത്തിക വർഷാരംഭത്തിനു മുമ്പായി അംഗീകാരം നൽകിയിരുന്നെങ്കിലും, മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിരിക്കുന്നത് 12/2022-ൽ മാത്രമാണ്. മരാമത്ത് പ്രവൃത്തികൾ വർഷാന്ത്യത്തിൽ ഒരുമിച്ച് നിർവ്വഹണം നടത്തുന്നതിനാൽ പണികളുടെ നടത്തിപ്പും, ക്വാളിറ്റി കൺട്രോളും ഫലപ്രദമായി മോണിട്ടർ ചെയ്യുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് സാധ്യമാകുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(5) പഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ സ്ഥലങ്ങളിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിർബ്ബന്ധമായും പ്രദർശിപ്പിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തുകയോ ബോർഡുകൾ സ്ഥാപിക്കുകയോ ചെയ്യുന്നില്ലെന്ന് വ്യക്തമായി. സർക്കാരിന്റെ നിർദ്ദേശം പാലിച്ചു കൊണ്ട് ഇനിമുതൽ സാങ്കേതികാനുമതി വാങ്ങുന്ന

പ്രവൃത്തികൾക്ക് ബോർഡുകൾ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

(6) ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും ഇതുവരെ തയ്യാറാക്കിയിട്ടില്ല. ആയതു തയ്യാറാക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

7) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/ തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഗുണനിലവാര പരിശോധനക്കു വിധേയമാക്കിയിട്ടില്ല. ആയതു തയ്യാറാക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-41 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 82/2023, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹ 10,00,000 വികസനഫണ്ട് പൊതുവിഭാഗം<br>₹ 10,00,000 മറ്റുള്ളവ<br>ആകെ- ₹20,00,000 |
| ചെലവ് | ₹5,00,000 വികസനഫണ്ട്, പൊതുവിഭാഗം<br>ബിൽ നമ്പർ 250/22.02.2023 |

മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള സങ്കരയിനം കിടാരികളെ തെരഞ്ഞെടുത്ത് 30 മാസം പ്രായം വരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി ഉൽപ്പാദനശേഷി കൂടിയതും ആരോഗ്യം ഉള്ളതുമായ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 40 ഗുണഭോക്താക്കൾക്ക് വെള്ളാർവള്ളി, പേരാവൂർ എന്നീ ക്ഷീരസഹകരണ സംഘങ്ങൾ വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ₹5,00,000 പിൻവലിച്ച് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി തൃപ്തികരമായി പൂർത്തിയാക്കിയതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വെറ്ററിനറി സർജന് 13/23.09.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി സംബന്ധിച്ച് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-42 തനത് വരുമാന വർദ്ധനവ് -അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. പേരാവൂർ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

01-03-2022 മുതൽ 31-03-2023 വരെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനട്സ് പരിശോധിച്ചതിൽ, കമ്മിറ്റിയുടെ 07-05-2022 ലെ 25/22 നമ്പർ തീരുമാന പ്രകാരം, ലൈസൻസ് എടുക്കാത്ത കച്ചവട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അദാലത്ത് സംഘടിപ്പിക്കുവാൻ ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ 07-12-2022ലെ 51/22 നമ്പർ തീരുമാന

പ്രകാരം വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ പരിശോധന നടത്തി നികുതി വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച പ്രവർത്തന പുരോഗതി യോഗം വിലയിരുത്തിയതായി കാണുന്നില്ല. നിശ്ചിത ഇടവേളകളിൽ വസ്തു നികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. എന്നാൽ മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേർന്നിട്ടില്ല.

വസ്തു നികുതി

വസ്തു നികുതി പരിഷ്കരണ മാർഗ്ഗനിർദേശം പാലിച്ച് അടിസ്ഥാന നികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് എസ്.സി 3-2023/3244 തീയതി 01.07.2023 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. നികുതി അടവാക്കുവാൻ ബാക്കിയുള്ള കെട്ടിട ഉടമകളുടെ മേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 315 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. തില്ലങ്കേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നതാണ്.

FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ്

പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതിനികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച നടപടികൾ പാലിക്കേണ്ടതാണ്

14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ.കൈ 84/22/തസ്വഭവ തീയതി 19.04.22) ഖണ്ഡിക 5-1ൽ നിഷ്കർഷിച്ചിട്ടുള്ള തനത് വരുമാനം വർദ്ധിപ്പിക്കുതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 21-09-2023, 23-09-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1551/23 തീയതി: 26.10.2023. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2022-23 | 6,80,000 | ലൈഫ് 2020, ജനറൽ (പ്രോജക്ട് നം-245/23) | 6,80,000 | 0 |
| | 2022-23 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള | 125000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് (പ്രോജക്റ്റ് നം-109/23) | | |
| | 2022-23 | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്റ്റ് നം-92/23) | 250000 | 0 |
| ആകെ | | 1055000 | | 1055000 | |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 101440 | നെൽകൃഷി വികസനം (പ്രോജക്റ്റ് നം-115/23) | 101440 | 0 |
| | 2022-23 | 775000 | ലൈഫ് ഭവന നിർമ്മാണം, പട്ടിക വർഗ്ഗം സ്പിൽ ഓവർ (പ്രോജക്റ്റ് നം-43/23) | 775000 | 0 |
| | 2022-23 | 741700 | ലൈഫ് 2020,പട്ടിക ജാതി (പ്രോജക്റ്റ് നം-247/23) | 741700 | 0 |
| | 2022-23 | 375000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്റ്റ് നം-109/23) | 375000 | 0 |
| | 2022-23 | 516588 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്റ്റ് നം-92/23) | 516588 | 0 |
| | 2022-23 | 90000 | ഗോത്ര സാരഥി പദ്ധതി (പ്രോജക്റ്റ് നം-76/23) | 90000 | 0 |
| ആകെ | | 2599728 | | 2599728 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | തെറ്റുവഴി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മാണം (പ്രോജക്ട് നമ്പർ-206/23) | 249/22-2-23 | ₹86000 | 0 | ₹86000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ- ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 10975992 | 1414392 | | 9561600 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 50,00,000 |
| തൻവർഷം നിക്ഷേപിച്ചത് | 3,37,500 |
| ആകെ | 53,37,500 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 53,37,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | പേരാവൂർ റീജണൽ സഹകരണ ബാങ്ക് 102140010025082/30.6.2022 | 30-06-2023 (30-06-2023ന് പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്) | 53,37,500 |
| | ആകെ | | 53,37,500 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | ഇല്ല | 2013-14 | 5.3.10 | സർക്കാർ എയ്ഡഡ് സ്കൂളിലെ അഡ്മിഷൻ നിലവാരം-താരതമ്യം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | ഇല്ല | 2013-14 | 5.3.16 | ശ്രദ്ധേയമായ നൂതനാശയങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 | ഇല്ല | 2011-12 | 6-1-2 | ഗ്രാമസഭ-അപാകം-പൊതു അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(B) | 1999-00 | 1 | ഓലപ്പുര ഓട്മേയൽ പദ്ധതി-അനർഹർക്ക് വിതരണം ചെയ്തു | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(C) | 1999-00 | ഖണ്ഡിക | അനർഹർക്ക് പദ്ധതി വിഹിതം വിതരണം ചെയ്തു | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(E) | 1999-00 | 5.3.10 | കൃഷി ഓഫീസർ പമ്പ്സെറ്റ് വിതരണം അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(F) | 1999-00 | 5.3.16 | കിണർജലസേചനം അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(G1) | 1999-00 | 6-1-2 | ക്ഷീരവികസന പദ്ധതികൾ കാലിത്തൊഴുത്ത് ജനറൽ അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(G3) | 1999-00 | 1 | പശു വിതരണം ജനറൽ- അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(H) | 1999-00 | ഖണ്ഡിക | ആട് വിതരണം ജനറൽ- അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2013-14, 2014-15 | 2-3 | 2016-17(ഖ-2) | 5.3.10 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2013-14, 2014-15 | 2-4 | 2016-17(ഖ-2) | 5.3.16 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43620595 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38409512 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1396834 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരു വിവരം |
|---|---|---|
| 1-20 | 177000 | ശ്രീ. ബാബു തോമസ്, സെക്രട്ടറി |
| 1-21 | 78100 | ശ്രീ. ബാബു തോമസ്, സെക്രട്ടറി |
| 1-22 | 100000 | ശ്രീ. ബാബു തോമസ്, സെക്രട്ടറി |
| 1-23 | 86000 | ശ്രീ. ബാബു തോമസ്, സെക്രട്ടറി |
| 1-24 | 288000 | ശ്രീ. ഹനീഫ ചിറ്റക്കൽ |
| 1-25 | 129914 | ശ്രീമതി. ആശ. എം.പി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | 100000 | ശ്രീമതി. ആശ. എം.പി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 207353 | ശ്രീമതി. ആശ. എം.പി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | 14057 | ശ്രീമതി. ആശ. എം.പി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | 130068 | ഡോ. ഗ്രീഫിൻ സുരേന്ദ്രൻ, സൂപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി |
| 1-30 | 86342 | ഡോ. സുധീര. എ.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | 1396834 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീ. ബാബു തോമസ്, സെക്രട്ടറി | സെക്രട്ടറി, പേരാവൂർ ഗ്രാമ പഞ്ചായത്ത് | കലറുപാറ, ക്ലമന്തോട്, പായം |
| ശ്രീ. ഹനീഫ ചിറ്റക്കൽ, സെക്രട്ടറി | വിരമിച്ചു. | ചിറ്റക്കൽ ഹൗസ്, പാറാൽ, കൂത്തുപറമ്പ് |
| ശ്രീമതി. ആശ. എം.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കണിച്ചാർ ഗ്രാമ പഞ്ചായത്ത് | മഠത്തിനാമറ്റത്തിൽ, കണ്ണവം. പി.ഒ |
| ഡോ. ഗ്രിഫിൻ സുരേന്ദ്രൻ, സൂപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി | ഡെപ്യൂട്ടി ഡി.എം..ഒ, ജില്ലാ മെഡിക്കൽ ഓഫീസ്, കണ്ണൂർ | ഗ്രിഫിൻ ഹൗസ്, വായാംതോട്, മട്ടന്നൂർ |
| ഡോ. സുധീര. എ.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, പേരാവൂർ ഗ്രാമ പഞ്ചായത്ത് | തംബുരു, തൊക്കിലങ്ങാടി, നിർമലഗിരി. പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 7 |
| 2000-01 (പദ്ധതി) | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 1 |
| 2005-06 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 1 |
| 2008-09 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 9 |
| 2009-10 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 4 |
| 2010-11,2011-12 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 3 |
| 2012-13 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 3 |
| 2013-14, 2014-15 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 5 |
| 2015-16 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 2 |
| 2017-18 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 4 |

| | | |
|---|---|---|
| 2018-19 | നം.കെഎസ്എ/കെഎൻആർ/സി.11/ 1401/2022. തി 11.11.2022. | 13 |
| 2019-20 | നം.കെഎസ്.എ/കെ.എൻ.ആർ/സി11/ 1357/2021 തീ. 05.02.2022 | 16 |
| 2020-21 | നം.കെഎസ്.എ/കെ.എൻ.ആർ/സി11/ 1358/2021 തീ. 05.02.2022 | 11 |
| 2021-22 | നം.കെഎസ്.എ/കെ.എൻ.ആർ/സി11/ 388/2023 തീ. 30.03.2023 | 39 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/131/2023 dated 27-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Peravoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Peravoor Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Peravoor Grama Panchayat for the Year 2022-2023.

**1.Major Observations**

1) Schedule B-1 is not incorporated in Annual Financial Statements

2) The asset register has not been prepared and kept up-to-date so as to verify the correctness of the amounts as per Schedule B-11.

**2.Other Observations**

1) Mandatory financial statements such as Ratios prescribed in Kerala Panchayat Raj (Accounts) Rules, 2011, is not enclosed.

2) The amount shown as Capital work in progress in schedule B-11(b) shows the same balance of previous year (Rs. 63000). Documents to verify the correctness
of this amount is not made available.

3) Net increase/decrease in cashflow statement does not match with the difference between the opening balance and closing balance of cash and cash equivalents

4) Details of liabilities under different heads in B-9 schedule has not been identified and made available for verification

a) 350409901-Refund payable others âÂÂ 4000

b) 350200199 - Recoveries payable âÂÂ other recoveries from employees âÂÂ 67759

5) Deposit Work fo which utilization certificate is not received in 2022-23 is not included in Schedule B-18

6) Movable Assets-Vehicles -value of all vehicles owned by panchayath is not included in this head

7) Details of liabilities under different heads in B-4 schedule has not been identified and made available for verification

a) 320100999-other liabilities-41524

8) Distress relief fund balance as per B-2 schedule does not match with balance as per B-17schedule

9) Rs.102750 the amount which has been recorded as stale cheque in B-9-Schedule of the Annual Financial Statement has not been transferred to the Panchayat Fund

10) Value of land owned by panchayath not comes under B-11 schedule

11) Documents to verify the correctness of value of fixed assets-36067 in B-11 schedule is not made available

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Peravoor Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23164438.00 |
| Cash | Cash | RP-40(a) | 112426.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2396260.00 |
| 140000000 | Fees & User Charges | RP-4 | 1216398.00 |
| 150000000 | Sale & Hire Charges | RP-5 | 156524.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11792000.00 |
| 171000000 | Interest Earned | RP-9 | 497008.00 |
| 190000000 | Prior Period Income | RP-11 | 100743.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 9400.00 |
| 311000000 | Earmarked Funds | RP-28 | 17136.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15475647.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10257760.00 |
| 460000000 | Loans, Advances and Deposits | RP-49 | 14000.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 55700.00 |
| 330000000 | Secured Loans | RP-31 | 600000.00 |
| 340000000 | Deposits Received | RP-33 | 84888.00 |
| 350000000 | Other Liabilities | RP-35 | 947131.00 |
| | Grand total | | 66897459.00 |
| | PAYMENTS | | |
| | Operating | | |
| 311000000 | Earmarked Funds | RP-28 | 515.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 5100.00 |
| 460000000 | Loans, Advances and Deposits | RP-49 | 207000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 24308.00 |
| 350000000 | Other Liabilities | RP-35 | 38172589.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 28390020.00 |
| Cash | Cash | RP-40(b) | 97927.00 |
| | Grand Total | | 66897459.00 |

2. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Peravoor Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2022 to 31-March-2023

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 9037304.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | I-2 | 0.0 |

| | | | |
|---|---|---|---|
| | (BLOCKED) | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 553248.00 |
| 140000000 | Fee & User Charges | I-4 | 1699053.00 |
| 150000000 | Sale & Hire Charges | I-5 | 156524.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 171693199.00 |
| 170000000 | Income from Investments | I-7 | 337500.00 |
| 171000000 | Interest Earned | I-8 | 497008.00 |
| 180000000 | Other Income | I-9 | 55700.00 |
| 190000000 | Prior Period Income | I-19 | 103895.00 |
| | Total Income | | 184029536.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15271829.68 |
| 220000000 | Administrative Expenses | I-11 | 1435456.00 |
| 230000000 | Operations & Maintenance | I-12 | 1469982.00 |
| 240000000 | Interest & Finance Charges | I-13 | 1028.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5917328.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 27800958.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6939710.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 40998401.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 77205020.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1190413.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 929558.00 |
| | Total Expenditure | | 179159683.68 |
| | Gross Surplus / Deficit of income over Expenditure | | 4869852.32 |
| | Gross Surplus / Deficit of income over Expenditure | | 4943552.32 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -30195.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 73700.00 |

3. ബാലൻസ് ഷീറ്റ്

Peravoor Grama Panchayat
BALANCE SHEET
As on 31-March-2023

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6044744.32 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 12097.00 |
| 312000000 | Reserves | B-3 | 63240397.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 69297238.32 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15658146.00 |
| | Total Grants, Contributions for Specific Purposes | | 15658146.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9561600.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 9561600.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 493694.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2775694.68 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3269388.68 |
| | TOTAL LIABILITIES | | 97786373.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 36067.00 |
| 412000000 | Capital Work in Progress | B-11(b) | 63000.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 980950.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12919582.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 76846636.00 |
| 416000000 | Accumulated Depreciation | B-11(a) | -34305754.00 |
| | Total Fixed Assets | | 56540481.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 5337500.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 5337500.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4402895.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 28487947.00 |
| 460000000 | Loans, Advances and Deposits | B-18 | 3017550.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 35908392.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 97786373.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ